# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ജീവനക്കാര്യം: അവധി, സ്ഥാനക്കയറ്റം, സ്ഥലം മാറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ 1 സെക്ഷൻ

നം. 3485/എ1/2/2018/ഭരണവിഭാഗം — തീയതി, പ്രിയദർശിനി ഹിത്സ്, 19.04.2018

---

സൂചന: (1) 07.04.2018-ലെ ശ്രീ. കൃഷ്ണകുമാർ സി., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാറുടെ അവധിയ്ക്കുള്ള അപേക്ഷ.

(2) 28.05.2016-ൽ പ്രസിദ്ധീകരിച്ച വിവിധ സ്കൂൾ/ഡിപ്പാർട്ട്മെന്റുകളിലേയ്ക്കുള്ള സെക്ഷൻ ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്.

(3) ജി.ഒ.(പി) നമ്പർ 42/2010/പി & എ.ആർ.ഡി. തീയതി 20.12.2010.

## ഉത്തരവ്

ശ്രീ. കൃഷ്ണകുമാർ സി, ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ XII, പരീക്ഷാ വിഭാഗം, 20.04.2018 മുതൽ 26.05.2018 വരെ 37 ദിവസത്തെ പരിവർത്തിതാവധിക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് താഴെ പ്രതിപാദിച്ചിരിക്കുന്ന സ്ഥാനക്കയറ്റം, നിയമനം, സ്ഥലംമാറ്റം എന്നിവ സർവ്വകലാശാലയിൽ നടപ്പിലാക്കുന്നതിനായി വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

| ക്രമ നമ്പർ | പേര്/ തസ്തിക/ സെക്ഷൻ | സ്ഥാനക്കയറ്റം, തസ്തിക, ശമ്പള നിരക്ക്, സ്ഥലം മാറ്റം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത്/ നിയമനം നൽകിയിരിക്കുന്നത് |
|---|---|---|---|
| 1. | ശ്രീ. ജെയിംസ് പി. ജേക്കബ് അസിസ്റ്റന്റ് രജിസ്ട്രാർ IX (പരീക്ഷാ വിഭാഗം) | 20.04.2018 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 68,700-1,10,400/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. കൃഷ്ണകുമാർ സി., ഹയർ ഗ്രേഡ് അസിസ്റ്റന്റ് രജിസ്ട്രാർ അവധി എടുത്തതിനെ ത്തുടർന്നുണ്ടായിരിക്കുന്ന തസ്തിക ഒഴിവിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |
| 2. | ശ്രീ. വിനോദ് ജെ.കെ. ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ School of Physical Education & Sports Sciences | 20.04.2018 പൂർവ്വാഹ്നം മുതൽ അസിസ്റ്റന്റ് രജിസ്ട്രാർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 45,800 - 89,000/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. ജെയിംസ് പി. ജേക്കബ്, അസിസ്റ്റന്റ് രജിസ്ട്രാർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവ്. ടിയാനെ പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XII ആയി ശ്രീ. കൃഷ്ണകുമാർ സി, അവധി എടുത്തതിനെത്തുടർന്നുണ്ടായിരിക്കുന്ന ഒഴിവിലേക്ക് നിയമിച്ചിരിക്കുന്നു. |
| 3. | സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസിലേക്കുള്ള സെക്ഷൻ ഓഫീസർമാരുടെ സൂചന (2)-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം സീനിയറായ ശ്രീ. ദീലീപ് കുമാർ. എസ്, സെക്ഷൻ ഓഫീസറെ 20.04.2018 പൂർവ്വാഹ്നം മുതൽ EE.II സെക്ഷനിൽ നിന്നും സ്ഥലം മാറ്റി പ്രസ്തുത സ്കൂളിൽ നിയമിച്ചിരിക്കുന്നു. | | |
| 4. | ശ്രീമതി. റേയ്ച്ചൽ കെ.ഐ. സെക്ഷൻ ഓഫീസർ EI VII സെക്ഷൻ | 20.04.2018 പൂർവ്വാഹ്നം മുതൽ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 40,500 - 85,000/-ൽ നിയമിച്ചിരിക്കുന്നു. | ശ്രീ. വിനോദ് ജെ.കെ, ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനെത്തുടർന്നുണ്ടാകുന്ന തസ്തിക ഒഴിവിലേക്ക് ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലെ സീറ്റിൽ തുടരാൻ അനുവദിച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| 5. | ശ്രീ. പ്രസന്നൻ പി.വി.<br>അസിസ്റ്റന്റ് സെക്ഷൻ ഓഫീസർ<br>Ac.D സെക്ഷൻ | 20.04.2018 പൂർവ്വാഹ്നം മുതൽ സെക്ഷൻ ഓഫീസർ ആയി താൽക്കാലികമായ സ്ഥാനക്കയറ്റം നൽകി രൂപ 36,600 – 79,200/-ൽ നിയമിച്ചിരിക്കുന്നു | ശ്രീമതി. റേയ്ച്ചൽ കെ.ഐ. സെക്ഷൻ ഓഫീസർക്ക് സ്ഥാന ക്കയറ്റം ലഭിക്കുന്നതിനെത്തു ടർന്നുണ്ടാകുന്ന തസ്തിക ഒഴിവ്. ടിയാനെ EE II സെക്ഷനിൽ ശ്രീ. ദിലീപ് കുമാർ എസ്-നെ സ്ഥലംമാറ്റിയതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് നിയമിച്ചിരിക്കുന്നു. |

**ചുമതല വ്യത്യാസമുള്ള തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക്, ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.**

സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010-നോ അതിനുശേഷമോ സ്ഥാനക്കയറ്റം/സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമന ത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടേയും മറ്റു അനുബന്ധ രേഖകളുടേയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016 പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം, സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
മനോജ്കുമാർ കെ എസ്
അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്:
1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ്-ചാൻസിലറുടെ /പ്രോ-വൈസ്-ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
4. ഡയറക്ടർ, സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ & സ്പോർട്സ് സയൻസസ്
5. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം/പരീക്ഷവിഭാഗം/അക്കാദമികം/ധനകാര്യം)
6. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
7. പബ്ലിക് റിലേഷൻസ് ഓഫീസർ/ എസ്റ്റേറ്റ് ഓഫീസർ /Ac.D/EI.VII
8. പൂൾ ഓഫീസർ (ഭരണവിഭാഗം)
9. എസ്.ഒ/എ.ആർ, ഫിനാൻസ് കമ്പ്യൂട്ടർ സെൽ
10. ആഡിറ്റ് II/III/ഫിനാൻസ് I/II/എ.ഡി.എIII/എ.ഡി എIV/എ.ഡി എVI/എ.ഡി എVIII/എ.ഡി.സി.I/II/III/ എ.ഡി. ബി.IX
11. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി.
12. റിക്കോഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

**റഫറൻസ് നമ്പർ എഡി.എ1-2-200-2018**